# ദളം

## ഡിജിറ്റൽ മാഗസിൻ



ലിറ്റിൽകൈറ്റ്സ് 2022-25

VSSHS കൊയ്പള്ളികാരാഴ്മ


പ്രിയരെ,
ആഹ്ലാദത്തോടെ നമ്മൾ നടന്നു
തീർത്ത വിദ്യാലയ വർഷത്തിന്റെ
ഡിജിറ്റൽ മാഗസിൻ 'ദളം '
വായനയ്ക്കൊരുങ്ങു കയാണ്..
നമ്മുടെ ചിന്തകളും ആശയങ്ങളും
വാക്കുകൾ കൊണ്ടിതിൽ വരഞ്ഞിട്ടുണ്ട്.
രസമുള്ളൊരു വായനാ നുഭവം
ആയിരിക്കും.

# ഉള്ളടക്കം


- സ്കൂൾ ചരിത്രം
- പ്രബുദ്ധകേരളം
- ഇൻഫർമേഷൻ ടെക്നോളജി
- അമ്മയോട്
- ഗവി അവന്ന നൽകിയത്
- Great thoughts
- അക്ഷരദീപം
- Some famous countries & capitals
- What makes life 100% success
- Proverbs & Maxims
- Some interesting facts
- നേട്ടങ്ങൾ

# വിഎസ്എസ്എച്ച് കൊയ്പള്ളികാരാഴ്മ



വിജ്ഞാന സന്ദായിനി സംസ്കൃത ഹൈസ്കൂൾ കൊയ്പള്ളികാരാണ്മ (വി.എസ്.എസ്. ഹൈസ്കൂൾ, കൊയ്പള്ളികാരാണ്മ) സ്ഥാപിതം–1884 .ചെട്ടികുളങ്ങര പഞ്ചായത്തിലെ ആദ്യവിദ്യാലയമാണ് കൊയ്പള്ളികാരാണ്മ വി.എസ്.എസ്.ഹൈസ്കൂൾ എന്ന ചുരക്കപ്പേരിലറിയപ്പെടുന്ന വിജ്ഞാന സന്ദായിനി സംസ്കൃത ഹൈസ്കൂൾ. സംസ്കൃത പാണ്ഡിത്യം കൊണ്ടും ജ്യോതിഷം,വൈദ്യം എന്നിവയിലുള്ള വൈദഗ്ദ്ധ്യംകൊണ്ടും തിരുവിതാംകൂർ രാജകൊട്ടാരവുമായി അടുത്ത ബന്ധം സ്ഥാപിച്ചിരുന്ന, ഗണക സമുദായത്തിൽപ്പെട്ട കൊയ്പള്ളികാരാണ്മ അയിരൂർ പടീറ്റതിൽ കാരണവന്മാരാണ് ഈ സ്ഥാപനത്തിന്റെ തുടക്കക്കാർ. ഒരു കുടിപ്പള്ളിക്കൂട (കളരി)മായി പ്രവർത്തനമാരംഭിച്ച ഇത് 1884ൽ സംസ്കൃത സ്കൂളായി മാറ്റപ്പെട്ടു. അതിന്റെ സ്ഥാപകൻ അയിരൂർ പടീറ്റ തിൽ ശ്രീ.കൊച്ചുരാമനാശാൻ ആണ്. സംസ്കൃത ഭാഷയിൽ ശാസ്ത്രി വരെയുള്ള പഠനമാണ് അന്ന് ഈ സ്ഥാപനത്തിൽ നടന്നിരുന്നത്. ദൂരെ ദേശത്ത് നിന്ന് എത്തിയിരുന്ന വിദ്യാർത്ഥികൾക്ക് താമസവും, ഭക്ഷണവും സൗജന്യമായി ഒരുക്കി കൊടുത്തിരുന്ന ഒരു ഗുരുകുലം കൂടിയായിരുന്നു ഇത്. പിന്നീട് ശ്രീ. കൊച്ചു പദ്മനാഭനാശാന്റെ ശ്രമഫലമായി 1956 ൽ യു.പി സ്കൂൾ നിലവിൽ വന്നു. 1963 ൽ പ്രസ്തുത സ്കൂളിന്റെ ഉടമസ്ഥാവകാശം അയിരൂർ പടീറ്റതിൽ കുടുംബത്തിലെ മറ്റൊരംഗമായ ശ്രീ. കുമാരൻ വൈദ്യനു ലഭിച്ചു. 1964 ൽ ഇത് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. തുടർന്നിതു വരെയുള്ള വളർച്ചയിൽ വിദ്യാഭ്യാസ നിലവാരത്തിലും , ഭൗതിക സാഹചര്യങ്ങളിലും ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1987 ൽ ശ്രീകുമാരൻ വൈദ്യരുടെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ മകൻ ശ്രീ.രാജീവ് കുമാർ സ്കൂൾ മാനേജർ ആയി . ഇപ്പോഴും അദ്ദേഹം തന്നെ മാനേജരായി സ്കൂളിനെ

**റവന്യൂ ജില്ല**
ആലപ്പുഴ

**വിദ്യാഭ്യാസ ജില്ല**
മാവേലിക്കര

**ഉപജില്ല**
മാവേലിക്കര

**പ്രധാന അദ്ധ്യാപകൻ**
റ്റി റ്റി സതീഷ്

**പി.ടി.എ. പ്രസിഡണ്ട്**
അഭിലാഷ് ബി

**എം.പി.ടി.എ. പ്രസിഡണ്ട്**
സുജ

## ”പ്രബുദ്ധ കേരളം”

എന്തു പ്രബുദ്ധത കേരളമേ
നമ്മൾ
സാക്ഷരരായത്
രാക്ഷസരാവാനോ ?

കൊല്ലും കൊലയും കുടില തന്ത്രങ്ങളും
കട്ടക്കലിപ്പിന്റെ ബാക്കിപത്രങ്ങളായ്
പട്ടാപ്പകലും യഥേഷ്ടം നടക്കുന്ന
കെട്ട കാലത്തിനു സാക്ഷിയായ് മാറുന്ന
കുട്ടികൾക്കെങ്ങനെ
മറ്റൊന്നു തോന്നുന്നു !

ഇന്നലെയോളം അറിവിന്നറകളായ്
കയ്യിൽ കരുതിയ പുസ്തകക്കെട്ടുകൾ
” എക്സാം ” കഴിഞ്ഞു
പടിയിറങ്ങുമ്പൊഴേ
കീറിപ്പറത്തുന്നു
വീരപരിവേഷധാരികൾ .

” ഭൂമിയെ നോവാതെ
കാത്തു സംരക്ഷിച്ചു
ഭാവിതൻ കൈകളിലേല്പിച്ചു
സ്വസ്ഥരായ്
പോകേണ്ടവർ നമ്മ ” ളെന്ന
പ്രബുദ്ധത
ചൊല്ലിപ്പഠിപ്പിച്ച വിദ്യാലയങ്ങളെ
തല്ലിത്തകർത്തു പടിയിറങ്ങും
ഭാവി പൗര സമൂഹത്തെ
പേടിയോടല്ലാതെ
കാണുവാൻ വയ്യ
ഈ കേരളം
”നമ്പർ വൺ” ആകട്ടെ എന്തിനും .

************

ശ്രീകല രാജീവ്
മുൻ അദ്ധ്യാപിക

INFORMATION TECHNOLOGY

The ever increasing impact of computers has touched almost every aspect of our life . The revolution in the field of cyber technology during the last few years has converted this world into a global village. It has increased the productivity,creativity and self learningskills.

The future of our next generation lies in the field of computers and cyber technology. It's the need of the day that essential computer skills are imparted to students ,so that they may find it easy to acquire proficiency in this latest technological advance .It is therefore, imperative that information technologyshould be an integral part of the teaching and learning process.

We live in the information age where knowledge is power. The INTERNET leads this knowledge revolution by accessing,sharing and disseminating information globally beyond geographical boundaries to millions of people. In this day and age,without computers not only success, even our very survival is at stake. It is important to impart quality computer education to the students from the very beginning at the school level to meet the increasing demands of information technology. That is why Educational Boards include 'IT' as a subject to meet the changing needs. It has revolutionised the world as never before. It has and is still influencing every facet of human life. The changes are evident almost everywhere.

On the other side however crime also has become rampant in the sphere – the misuse of internet by young people is clearly known. Cyber crimes has become so common that it has become a specialised subject in international crime management. Hackers sitting in one country can damage data banks thousands of kilometres away. Satelite and defence computers are being attacked on a more or less daily basis. A stage has been reached where a country can be attacked and defeated from a little room thousands of kilometres away using computers.

Our next generation must learn only to make maximum use of computer and at the same time not forget the moral roots and misuse the 'BRAHMASTRA' that is available to them.

Sreehari.S

IX A



# അമ്മയോട്

അമ്മേ! അരികിലിരിക്കുവാൻ മോഹം
വിരലിൽപ്പിടിച്ചു നടക്കുവാൻ മോഹം
ചേലാഞ്ചലത്തിന്റെ തുമ്പിൽപ്പിടിച്ചൊന്നു
വട്ടം കറക്കാനുമുണ്ടു മോഹം
തല്ലൊന്നു കിട്ടുവാൻ മോഹമുണ്ടേ!
അതിൽ തടവുന്ന സുഖമൊന്നു വേറെയാണേ!
കറികളുടെ കുറവങ്ങു ചൊല്ലിപ്പിണങ്ങുമ്പോൾ
പറയുന്ന മൊഴികൾക്കുമുണ്ടു ചന്തം
മക്കളേ! വാ പിളർക്കിയമ്മയെറിയുന്ന
മുട്ടകളൊക്കെ വാ കൊണ്ടു നേടൂ
കൗശലം ചൊല്ലിയെൻ വായിലേക്കന്നമ്മ
ആനതൻ മുട്ടയും ഇട്ടതല്ലേ?
ഓരോരോ മുട്ടയും വായിലാക്കീടുമ്പോൾ
വിടരുന്നുവദനവും പൗർണ്ണമിയായ്
നാമം ജപിക്കുമ്പോൾ നാക്കു പിഴക്കുകിൽ
എത്തിടും ചുള്ളിയാം കമ്പുമായി
നോവാതെ കൊട്ടിത്തിരുത്തിയതൊക്കെയും
ഓർമ്മയിൽ പൂനിലാവായിടുന്നു.
തല്ലിപ്പഴുപ്പിച്ചങ്ങൊന്നും പഠിക്കണ്ടാ
ജീവിതപാഠമാണത്യാവശ്യം
സൻ മാർഗ്ഗപാഠങ്ങളേകാൻ മറക്കാതെ
വാത്സല്യ പാലാഴിയായ് ചമഞ്ഞു.
സ്നേഹമാണോ അമ്മ ത്യാഗമാണോ
വിത്തമെല്ലാമതൊന്നിച്ച രൂപമാണോ
അറിയാതെ ചിന്തിച്ചു പോകുന്നു നിന്നിലെ സത്യം
മഹാലക്ഷ്മിയായിരുന്നോ?
അറിയാൻ കഴിഞ്ഞില്ലയമ്മയെയീ ജന്മം
ഒരു ജന്മം കൂടെനിക്കമ്മയാകൂ
നിന്റെ ഉദരത്തിലൊരു ജന്മമേകുകില്ലേ?.

ജയലക്ഷ്മിക്കുഞ്ഞമ്മ
മുൻ അദ്ധ്യാപിക


# ഗവി അവന്ന നൽകിയത്

ഇന്ദ്രജിത്ത്  എന്നായിരുന്നു അവന്റെ പേര് .കുട്ടിക്കാലം മുതൽ തന്നെ അവന്ന കട്ടിൽ പോകുന്നത് വളരെ ഇഷ്ടമായിരുന്നു കുട്ടിക്കാലത്തു അവൻ അച്ഛന്റെ കൂടെ കാടുകളിൽ  യാത്ര ചെയ്തിരുന്നു .എന്നാൽ പിന്നെ പിന്നെ അവന്ന ഒറ്റക്ക് പോകുന്നതായിരുന്നു ഏറെ ഇഷ്ടം .ഒരു ഞായറാഴ്ച ദിവസം അവൻ ഗവിക്ക് പോകാൻ തീരുമാനിച്ചു  .അന്ന് രാവിലെ തന്നെ അവൻ യാത്ര തിരിച്ചു .ബസിലെ യാത്ര അവന്ന വളരെ ഇഷ്ടമായി. കാരണം മിക്ക സീറ്റുകളും ഒഴിഞ്ഞു കിടക്കുകയായിരുന്നു വഴിയോരകാഴ്ചകൾ ആസ്വദിച്ചു സന്തോഷത്തോടെ അവൻ യാത്ര തുടർന്നു .അങ്ങനെ അവൻ കളപ്പാറയിൽ എത്തിപ്പെട്ടു.അവിടെ നിന്നും അവൻ പമ്പയിലേക്ക് നടന്നു .പമ്പയിൽ നിന്ന്  അവൻ  ഒരു വള്ളത്തിൽ അക്കരെ എത്തി .അവിടെ വെച്ച് അവിചാരിതമായി ഒരു ആനയെ കണ്ടുമുട്ടുകയും, അത് അവനെ കുത്താൻ വരികയും ചെയ്തു .ആൺ കുത്താൻ വരുമ്പോൾ വളഞ്ഞു തിരിഞ്ഞോടിയാൽ വേഗം രക്ഷപെടാം എന്ന കാര്യം അവനറിയാമായിരുന്നു .അങ്ങനെ അവൻ രക്ഷപെടുകയും ഒരു ഏറുമാടത്തിന്റെ കീഴിൽ എത്തിച്ചേരുകയും ചെയ്തു .ആ ഏറുമാടത്തിൽ അവൻ രാത്രി കഴിച്ചു കൂട്ടി .പിറ്റേന്ന് രാവിലെ അവൻ വീട്ടിലേക്ക് തിരിച്ചു പോകുകയും ചെയ്തു .

വൈഷ്ണവ് എസ് 8A



# GREAT THOUGHTS



“Don’t take rest after your first victory, because if you fail in second, more lips are waiting to say, that your first victory was just luck”**-Dr. APJ Abdul kalam**

“The week can never forgive. Forgiveness is the attribute of the strong”**-Rabindranatha Tagore**

“Aman may die, nations may rise and fall, but an idea lives on.
Ideas have endurance without death”**-John kennedy**

“The power of mind is like the rays of the sun dissipated.
When they are concentrated, they illumine”**- Swami Vivekanandan**

അനുപമ എ നായർ 10 A

# അക്ഷരദീപം

(മലയാള അക്ഷരമാല പ്രശ്നോത്തരി )

ചോദ്യങ്ങൾ:

1 .ആധുനിക മലയാള അക്ഷരമാലയുടെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്?

2. മലയാള അക്ഷരമാലയിൽ എത്ര അക്ഷരങ്ങൾ ഉണ്ട് ?

3. മലയാള അക്ഷരമാലയുടെ രണ്ട് മഹാവിഭാഗങ്ങൾ ഏതെല്ലാം ?

4. മലയാള അക്ഷരമാലയിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങൾ ചേരുമ്പോൾ ഉണ്ടാകുന്ന പദം ഏത് ?

5. മലയാള അക്ഷരമാലയിൽ സ്വരങ്ങളെത്ര?

6. ഉച്ചരിക്കാൻ ഒരു മാത്ര (സമയദൈർഘ്യം) മാത്രം ആവശ്യമുള്ള അക്ഷരങ്ങൾക്കു പറയുന്ന പേര്?

7. ക വർഗ്ഗത്തിനും ട വർഗ്ഗത്തിനും മധ്യേ വരുന്ന
വർഗ്ഗമേത്?

8. ഖരം അതിഖരമായും മൃദു ഘോഷമായും മാറുന്നത് ഏത് അക്ഷരത്തിന്റെ സാന്നിദ്ധ്യം കൊണ്ടാണ്?

9. മലയാള അക്ഷരമാലയിൽ "ജ" യ്ക്കും" ഞ" യ്ക്കും ഇടയിൽ വരുന്ന അക്ഷരമേത്?

10. മലയാള അക്ഷരമാലയിൽ സ്വന്തമായി ലിപിയില്ലാത്ത അക്ഷരങ്ങൾ ഏതെല്ലാം?

11. ഏതു ഭാഷയുടെ സംസ്കരിച്ച രൂപമാണ് സംസ്കൃത ഭാഷ?

12. മലയാള അക്ഷരങ്ങളുടെ ലിപിയ്ക്കു പറയുന്ന പേര്?

13. സംസ്കൃത ഭാഷയുടെ ലിപി ഏതു പേരിൽ അറിയപ്പെടുന്നു?

14. മലയാള ഭാഷ ഏതു ഭാഷാഗോത്രത്തിൽ ഉൾപ്പെടുന്നു ?

15. നിലവിൽ ദീർഘ രൂപമില്ലാത്ത സ്വരാക്ഷരമേത്?

ഉത്തരങ്ങൾ :

1 .എഴുത്തച്ഛൻ

2.51

3. സ്വരങ്ങളും വ്യഞ്ജനങ്ങളും

4.അറ

5. 13

6. ഹ്രസ്വം

7. ച വർഗ്ഗം

8. ഹ

9. ഝ

10. "റ്റ " യും "ന "യും

11. പ്രാകൃതം.

12. ഗ്രന്ഥ ലിപി

13. ദേവനാഗരി

14. ദ്രാവിഡ ഭാഷാ ഗോത്രം

15. ഋ

************

ശ്രീകല രാജീവ്



# ***Some Famous Countries and their capitals***

## ***ASIA***

Russia - Moscow
Turkey:Ankara
Syria:Damascus Israel - Jerusalem
Lebanon - Beirut
Jordan - Amman
Iraq - Baghdad
Iran - Tehran
Saudi Arabia:Riyadh
Kuwait - Kuwait city
Bahrain -Manama
UAE - Abu Dhabi
Qatar - Doha
Oman - Muscat
India - New Delhi
Sri Lanka - Colombo
Nepal - Kathmandu
Pakistan - Islamabad
China - Beijing




## NORTH AND CENTRAL AMERICA

Canada – Ottawa
United states – Washington DC
Mexico – Mexico city
Guatemala – Guatemala city
Cuba – Havana
Jamaica – Kingston
Peru – Lima
Bolivia – La Paz
Brazil – Brasilia
Uruguay – Asuncion
Chile – Santiago
Argentina – Buenos Aires

## AFRICA

Egypt – Cairo
Libya – Tripoli
Togo – Lome
Nigeria – Abuja
Cameroon – Yaounde'
Uganda – Kampala
Tanzania – Dodoma
Kenya – Nairobi
Zimbabwe – Harare
South Africa – Cape town

## EUROPE

Sweden – Stockholm
United Kingdom – London
Germany – Berlin
Belgium – Brussels
France – Paris
Norway – Oslo
Spain – Madrid
Portugal – Lisbon
Italy – Rome
Vatican City state – Vatican City
Austria – Vienna

## AUSTRALASIA

Australia – Canberra
New Zealand – Wellington

Sreelekshmi.S.Nair
IX A

# WHAT MAKES LIFE
# **100% SUCCESS ?**
# CHECK OUT THE OPTION

Hard work?
We should take corresponding numeral for each letter of the alphabet,
Eg : a=1,b=2,c=3,.....!!!
Hard work
8+1+18+4+23+15+18+11=98%Only – No;
Luck ?
L+U+C+K
12+21+3+1=47%Only – No
Discipline
D+I+S+C+I+p+L+I+N+E
4+9+19+3+9+16+12+9+14+5=100%, Yes
Yes, “DISCIPLINE” makes Life 100% successful!!!!

Aswin Bijukumar
IX B

# Proverbs And Maxims

1. Old is gold.
2. Self- help is the best help.
3. Slow and steady wins the race.
4. A friend in need is a friend indeed.
5. Laughter is the best medicine.
6. Money is a good servant,but a bad master.
7. A stitch in time saves nine.
8. Good fences make good neighbours.
9. Man proposes,god disposes.
10. Hope for the best , but prepared for the worst.
11. Charity begins at home.
12. Truth is god and god is truth.
13. where there is a will ,there is a way.
14. never judge by appearances.
15. Rome was not built in a day.

Sahithya B

IX A

# SOME INTERESTING FACTS


1. *No word in the english language rhymes with month ,orange ,silver or purple.*
2. *'Stewardesses' is the longest word typed with only the left hand . And 'lollipop' is the longest word typed with only the right hand.*
3. *dreamt is the only ,English word that ends with the letters "mt".*
4. *Rubber bands last longer when refrigerated.*
5. *the winter of 1932 was so cold that niagara falls froze completely solid .*
6. *women blink their eyes nearly twice as much as men.*
7. *There are 2 words in the english language that have all five vowels in order "abstemious" and "facetious".*
8. *There are more chickens in the world than people.*
9. *A snail can sleep for 3 years .*
10. *The sentence "The quick brown fox jumps over the lazy dog"uses every letter in the alphabet ''*
11. *A pig tongue contains 15000 taste buds while the human tongue has 9000.*
12. *The white throated needle tail is one of at the fastest flying birds in flapping flight. It can fly at a speed of up to 170 km. Per hour.*
13. *Our eyes are always the same size from birth ,but our nose and ears never stop growing.*
14. *There are only four words in english language end in "dous".*
    *a. Tremendous b. Horrendous c. Stupendous d.hazardous*
15. *february 1865 is the only month in record history not to have full moon.*

Arunima.S.Nair
IX A

# നേട്ടങ്ങൾ

## സംസ്ഥാനതലം




ഒരു യത്നം പൂർത്തിയാവുകയാണ്...
ദളത്തിന്റെ താളുകളിലൂടെടെയുള്ള യാത്ര നിങ്ങൾക്ക്
ഉള്ളിലൊരു് തണുപ്പേകിയെങ്കിൽ ഞങ്ങൾ
കൃതാർത്ഥരായി

സസ്നേഹം
എഡിറ്റർ